"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് -കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ - ടേംലോൺ അസിസ്റ്റൻസ് (2024-25 & 2025-26) പദ്ധതി- സർക്കാർ തിരിച്ചെടുത്ത തുകയിൽ നിന്നും 1,50,75,650/- രൂപ അനുവദിച്ചു- ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.3405/2026/GAD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:- 1) സ.ഉ(സാധ)നം.1172/2025/പൊഭവ തീയതി 17.03.2025
2) സ.ഉ(സാധ)നം.3444/2025/പൊഭവ തീയതി 07.08.2025
3) സ.ഉ(സാധ)നം.5521/2025/പൊഭവ തീയതി 23.12.2025
4) മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29/04/2026 ലെ 190/A1/2025/KSWCFC നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ടേംലോൺ അസിസ്റ്റൻസ് (2024-25 & 2025-26) - സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 740 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ടി പദ്ധതിയുടെ നടത്തിപ്പിനായി 259 ലക്ഷം രൂപ പരാമർശം (3) പ്രകാരം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി തുക 808 ഗുണഭോക്തൃ സംഘങ്ങൾക്ക് മുഖേന 3% പലിശ സബ്സിഡിയായി വിതരണം ചെയ്യുകയുമുണ്ടായി. ബാക്കിയുള്ള തുകയ്ക്കാനുപാതികമായി, 2025-26 സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കളിൽ ആദ്യത്തെ 627 സംഘങ്ങൾക്ക് 5% പലിശ സബ്സിഡി നൽകുന്നതിനായി തുടർ നടപടികൾ കൈക്കൊണ്ട് WAMS 2.0 പോർട്ടലിൽ ഗുണഭോക്തൃ പട്ടികയും, നടപടിക്രമവും, ചെക്കും upload ചെയ്ത് അപ്രൂവ് ചെയ്യുകയുണ്ടായി. ആയതിന് 2528/2026 എന്ന Docket നമ്പർ ലഭ്യമാകുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും, 2528/2026 എന്ന Docket നമ്പരിൽ സമർപ്പിക്കപ്പെട്ട ചെക്കിന് ways & means clearance ലഭ്യമായിട്ടില്ല. തുടർന്ന്, ടി തുക ഉൾപ്പെടെ 2026 ഏപ്രിൽ 1 ന് കോർപ്പറേഷന്റെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 3,08,63,958/- രൂപ (Committed Expenditure ഉൾപ്പെടെ) സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ കോർപ്പറേഷന്റെ PSTSB അക്കൗണ്ടിൽ നിന്നും 2026 ഏപ്രിൽ 1 ന് തിരിച്ചെടുത്തിട്ടുള്ള തുകയായ 3,08,63,958/-രൂപ (മൂന്ന് കോടി എട്ട് ലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി അൻപത്തിയെട്ട് രൂപ മാത്രം) മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ source head ൽ ('2235-02-190-97-33-subsidies (P)') ഉൾക്കൊള്ളിച്ച് അതിൽ നിന്നും 1,50,75,650/- രൂപ (ഒരു കോടി അൻപത് ലക്ഷത്തി എഴുപത്തിയയ്യായിരത്തി അറുന്നൂറ്റിയൻപത് രൂപ മാത്രം) കോർപ്പറേഷന്റെ PSTSB അക്കൗണ്ടിലേയ്ക്ക് മടക്കി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് എം.ഡി പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ

കോർപ്പറേഷന് ടേംലോൺ അസിസ്റ്റൻസ് പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതും എന്നാൽ സർക്കാർ തന്നെ 2026 ഏപ്രിൽ 1 ന് കോർപ്പറേഷന്റെ അക്കൗണ്ടിൽനിന്നും തിരിച്ചെടുക്കുകയുമുണ്ടായ 3,08,63,958/-രൂപയിൽ നിന്നും 1,50,75,650/-രൂപ (ഒരു കോടി അൻപത് ലക്ഷത്തി എഴുപത്തിയയ്യായിരത്തി അറുന്നൂറ്റിയൻപത് രൂപ മാത്രം) 2235-02-190-97-33-subsidies-P എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പ്രസ്തുത പദ്ധതിക്കു ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| | |
|---|---|
| * | 16/04/2018-ലെ സ.ഉ. (പി) 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ. |
| * | 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും 30/01/2018-ലെ സർക്കുലർ നം 08/2018/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020-ലെ സ.ഉ.(കൈ) നം. 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| * | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |

3. പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-33-subsidies-P എന്ന ശീർഷകത്തിൽ നിന്നും 1,50,75,650/- രൂപ (ഒരു കോടി അൻപത് ലക്ഷത്തി എഴുപത്തിയയ്യായിരത്തി അറുന്നൂറ്റിയൻപത് രൂപ മാത്രം) പിൻവലിച്ച് മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB Acct no. 799012700000550) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ,എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ് പട്ടം,തിരുവനന്തപുരം
ആസൂത്രണസാമ്പത്തിക കാര്യ (BPE) വകുപ്പ്
ധനകാര്യ(പി.യു.സി) വകുപ്പ് (3504593/PU-C3/63/2026-FIN തീയതി 29.06.2026)
പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E 3500120)

ഉത്തരവിൻ പ്രകാരം
**Signed by Sabu T K**
**Date: 07-07-2026 14:46:59**
സെക്ഷൻ ഓഫീസർ